15 YEARS OF CELEBRATING THE MAHATMA

Break the Chain

<u>സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ</u>
(ഹാജർ: ഷീബാ ജോർജ്ജ് IAS )

ഉത്തരവ് നം. SJD/1997/2020/PC1

തിരുവനന്തപുരം,
തീയതി. 22/12/2020

വിഷയം: സാമൂഹ്യ നീതി വകുപ്പ് - വകുപ്പിന് കീഴിലെ ക്ഷേമസ്ഥാപനങ്ങളിൽ ദിവസവേതനാടിസ്ഥാനത്തിൽ പ്രവർത്തിയെടുക്കുന്ന ജീവനക്കാർക്ക് - വേതന തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1.സാമൂഹ്യ നീതി ഡയറക്ടറുടെ 30.06.2020 ലെ SJD/1997/2020-PC1 നമ്പർ സർക്കുലർ.
2.സാമൂഹ്യ നീതി ഡയറക്ടറുടെ 07/08/2020 ലെ SJD/1997/2020-PC1 നമ്പർ കത്ത്.
3. G.O.(Rt)No.716/2020/SJD തീയതി 18/12/2020.

സാമൂഹ്യ നീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ക്ഷേമസ്ഥാപനങ്ങളിൽ പരാമർശം (1)ലെ ഉത്തരവിന് വിധേയമായി 01.07.2020 തീയതി മുതൽ ദിവസവേതന അടിസ്ഥാനത്തിൽ പ്രവർത്തിയെടുക്കുന്ന MTCP, Staff Nurse, Special Educator മുതലായ തസ്തികകളിലെ ജീവനക്കാർക്ക് പ്രതിമാസ വേതനം കൃത്യമായി ലഭ്യമാക്കുന്നതിനായി KSSM ന്റെ ശീർഷകത്തിൽ ആവശ്യമായ തുക ലഭ്യമാകാതെ വന്ന സാഹചര്യത്തിൽ ടി ജീവനക്കാർക്ക് 01.07.2020 മുതൽ 31.03.2021 വരെ ദിവസവേതനം നൽകുന്നതിന് ആവശ്യമായി വരുന്ന 2,18,60,780/- രൂപ സാമൂഹ്യ നീതി വകുപ്പിന്റെ ഭരണശാക്തീകരണത്തിനുള്ള 2235-02-001-96(P) ശീർഷകത്തിൽ ക്ഷേമസ്ഥാപനങ്ങളുടെ വ്യത്യസ്ത സഹായികളുടെ സേവനം ലഭ്യമാക്കുക എന്ന കംപോണന്റിൽ ഉൾപ്പെടുത്തി അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

പരാർമശം (3) ലെ ഉത്തരവ് പ്രകാരം ടി പ്രൊപ്പോസൽ പരിഗണിച്ചു കൊണ്ട് സാമൂഹ്യ നീതി വകുപ്പിന് കീഴിലുള്ള ക്ഷേമസ്ഥാപനങ്ങളിൽ 01.07.2020 മുതൽ ദിവസവേതാടിസ്ഥാനത്തിൽ പ്രവർത്തിയെടുക്കുന്ന ജീവക്കാർക്ക് 31.03.2021 വരെ വേതനം നൽകുന്നതിനാവശ്യമായ 2,18,60,780/- രൂപ 2235-02-001-96(P) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് സർക്കാർ അനുമതി നല്കി ഉത്തരവ് ആയിട്ടുണ്ട്.

ദിവസ വേതന ജീവനക്കാർക്ക് 01.07.2020 മുതൽ 31.03.2021 തീയതി വരെ വേതനം നൽകുന്നിന് ആവശ്യമായ തുക സംബന്ധിച്ച ജില്ലാ തലത്തിലുള്ള വിവരങ്ങൾ ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർ ലഭ്യമാക്കിയിരുന്നു . പരാമർശം (3) ലെ സർക്കാർ ഉത്തിരവിന് വിധേയമായി വകുപ്പിന് കീഴിലുള്ള ക്ഷേമസ്ഥാപനങ്ങളിലെ ദിവസവേതന ജീവനക്കാർക്ക് 01.07.2020 മുതൽ 31.03.2021 വരെ വേതനം നൽകുന്നതിനാവശ്യമായി വരുന്ന 2,18,60,780/-രൂപയുടെ 80% തുകയായ 1,74,88,624/- ( ഒരു കോടി

എഴുപത്തിനാല് ലക്ഷത്തി എൺപത്തിയെണ്ണായിരത്തി അറുന്നൂറ്റി ഇരുപത്തി നാല്) രൂപ മാത്രം നടപ്പ് സാമ്പത്തിക വർഷത്തെ **2235-02-001-96(P)** ശീർഷകത്തിൽനിന്നും ഓരോ ജില്ലക്കും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജില്ലാ തലം

| Sl No. | District | Amount Requested | Amount Alloted (80%) |
|---|---|---|---|
| 1 | Thiruvananthapuram | 4009140 | 3207312 |
| 2 | Kollam | 902745 | 722196 |
| 3 | Pathanamthitta | 709632 | 567706 |
| 4 | Alapuzha | 423360 | 338688 |
| 5 | Idukki | 682830 | 546264 |
| 6 | Kottayam | 286076 | 228861 |
| 7 | Ernakulam | 3966553 | 3173242 |
| 8 | Thrissur | 2758699 | 2206959 |
| 9 | Palakkad | 922545 | 738036 |
| 10 | Malapuram | 2447010 | 1957608 |
| 11 | Kozhikod | 3453706 | 2762965 |
| 12 | Wayanad | 760275 | 608220 |
| 13 | Kannur | 0 | 0 |
| 14 | Kasargod | 538209 | 430567 |
| | Total | 21860780 | 17488624 |

ക്ഷേമസ്ഥാപനങ്ങളിലെ ദിവസവേതന ജീവനക്കാർക്ക് 01.07.2020 മുതൽ നൽകുവാനുള്ള കുടിശ്ശിക വേതനം സ്ഥാപന തലത്തിൽ കണക്കാക്കി മേട്ടുകസൂപ്രണ്ടുമാർക്ക് അനുവദിച്ചു നല്കുന്നതിനു ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർ നടപടി സ്വീകരിക്കേണ്ടതാണ് . തുക ചിലവഴിച്ചതിന്റെ യു.സി യഥാസമയം സ്ഥാപന മേധാവികൾ ജില്ലാ സാമൂഹ്യ നീതി ഓഫീസർക്ക് നല്കേണ്ടതും , യു.സി പരിശോധിച്ച് ജില്ലാ സാമൂഹ്യ നീതി ഓഫീസർ ആയത് ഈ കാര്യാലയത്തിൽ അയച്ചുതരേണ്ടതുമാണ്. അതോടൊപ്പം ടി ദിവസവേതന ജീവനക്കാർക്ക് 31.03.2021 വരെ വേതനം നൽകുന്നതിനാവശ്യമായി അധികതുക തുക ആവശ്യമെങ്കിൽ പ്രസ്തുത തുക സ്ഥാപനതലത്തിൽ കണക്കാക്കി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

കൊവിഡ് 19 ന്റെ പശ്ചാത്തലത്തിൽ ഹോമുകളിൽ അധികമായി ദിവസ വേതന ജീവനക്കാരെ നിയമിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത ജീവനക്കാരുടെ വേതന തുക സ്ഥാപന മാനേജ്മെന്റ് കമ്മിറ്റിയിൽ നിന്നും കണ്ടെത്തേണ്ടതാണ്. ടി ജീവനക്കാർക്ക് വേതനം നൽകുന്നതിനാവശ്യമായ തുക സർക്കാരിൽ നിന്നും അനുവദിക്കപ്പെട്ടിരിക്കുന്ന തുകയിൽ നിന്നും വിനിയോഗിക്കുവാൻ പാടില്ലാത്തതാണ്.

(ഒപ്പ്)
സാമൂഹ്യനീതി ഡയറക്ടർ

എല്ലാ ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർക്കും

(കണ്ണൂർ ജില്ല ഒഴികെ)

പകർപ്പ്

1. എക്സിക്യൂട്ടീവ് ഡയറക്ടർ, KSSM
2. ബന്ധപ്പെട്ട സ്ഥാപന സൂപ്രണ്ടുമാർക്ക്
3. സൂപ്രണ്ട്, എ സെക്ഷൻ (അലോട്ടമെന്റ് അനുവദിക്കുന്നതിന്)

ഉത്തരവിൻ പ്രകാരം
സൂപ്രണ്ട്